# എലവഞ്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയം

(ISO 9001:2015 Certified)

എലവഞ്ചേരി പി.ഓ., പാലക്കാട് ജില്ല

ഫോൺ: 04923 266410

ഈ-മെയിൽ: ddpelavancheripkd@gmail.com


നമ്പർ: A3-5059/2025(1) തിയ്യതി:16/10/2026

## ഈ-ടെണ്ടർ

2026-27 സാമ്പത്തിക വർഷം എലവഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയുമായി നടപ്പിലാക്കുന്ന താഴെ പറയുന്ന പ്രവർത്തിക്ക് അംഗീകൃത സ്ഥാപനം/ഏജൻസി/കരാറുകാർ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ഈടെണ്ടറുകൾ ക്ഷണിക്കുന്നു.

| ക്രമ. നം | പദ്ധതിയുടെ പേര് | തുക | EMD | Cost of Tender Form | | |
|---|---|---|---|---|---|---|
| | | | | Rate | GST 18% | Total |
| 1 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി (AMC) | 800000 | 20000 | 1600 | 288 | 1888 |
| ഒരു വർഷത്തേക്ക് എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള പ്രവർത്തിയുടെ ടെണ്ടറാണ്. ആയതുകൊണ്ട് BOQ-വിൽ ഒരു യൂണിറ്റ് മാത്രമാണ് കാണിച്ചിട്ടുള്ളത്.എല്ലാവിധ നികുതികളും ഉൾപ്പെടെയുള്ള തുകയാണ് ക്വാട്ട് ചെയ്യേണ്ടത് | | | | | | |

### ഈ-ടെണ്ടർ ഐഡി - 2026_DP_880559_1

ദർഘാസ് ഫോറം ഓൺലൈനിൽ ലഭിക്കുന്ന തിയതി - 17/10/2026

ദർഘാസ് ഫോറം ഓൺലൈനിൽ ലഭിക്കുന്ന അവസാന തിയതി - 30/10/2026

ദർഘാസ് ഓൺലൈനിൽ സമർപ്പിക്കാനുള്ള അവസാന തിയതി - 30/10/2026

ദർഘാസ് തുറന്ന് പരിശോധിക്കുന്ന തിയതി - 31/10/2026

ടെണ്ടർ/ഇടെണ്ടർ സംബന്ധിച്ച് പ്രാബല്യത്തിലുള്ള എല്ലാ വ്യവസ്ഥകളും സർക്കാർ ഉത്തരവുകളും ബാധകമായിരിക്കും. യാതൊരു കാരണവും കൂടാതെ ടെണ്ടറുകൾ നിരസിക്കുവാനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. വിശദവിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിലും, www.etenders.kerala.gov.in/ എന്ന വെബ്സൈറ്റിൽ നിന്ന് ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങളും, www.tender.lsgkerala.gov.in/ എന്ന വെബ്സൈറ്റിൽ നിന്ന് ടെണ്ടർ സംബന്ധിച്ച വിവരങ്ങളും അറിയാവുന്നതാണ്.

വിശ്വസ്തതയോടെ

SECRETARY
Elavanchery Grama Panchayat
Elavanchery P.O, Palakkad-678508
Mob : 9496047245

# വ്യവസ്ഥകൾ

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 വാർഡുകളിലെയും പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്ന പഞ്ചായത്ത് വക സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പുനഃസ്ഥാപിക്കുക., അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ സെറ്റുകൾക്ക് ഒരു വർഷത്തെ ആവശ്യമായ പരിപാലനം നടത്തുക.
2. സപ്ലൈ ചെയ്യുന്ന മെറ്റീരിയൽസിന് ഒരു വർഷത്തെ റീപ്ലേസ്മെന്റ് വാറന്റി ഉറപ്പുവരുത്തേണ്ടതാണ്.
3. എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പഞ്ചായത്ത് വകയായി സ്ഥാപിച്ചിരിക്കുന്ന നിലവിൽ മറ്റു ഏജൻസികളുടെ വാറണ്ടി കാലാവധിയിൽ ഉൾപ്പെടാത്ത എല്ലാ തെരുവ് വിളക്കുകളുടെയും ഒരു വർഷത്തേക്കുള്ള പരിപാലനം നടത്തുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും
4. ലേബർ ചാർജ്ജ്, പണി ഉപകരണങ്ങൾ, കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ ഇവ കരാറുകാരൻ സ്വന്തം ഉത്തവാദിത്വത്തിൽ വഹിക്കേണ്ടതാണ്.
5. പ്രവൃത്തിയിലുൾപ്പെടുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധന നടത്തുന്നതും തൃപ്തികരമല്ലെന്ന് കണ്ടാൽ കരാർ റദ്ദു ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതുമാണ്.
6. കരാർ പ്രകാരമുള്ള പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് അനുസൃതമായും തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള 15.09.2011–തീയതിയിലെ ബഹു. കേരളാ സർക്കാർ നം.3055/ഡി.എ3/2011/ തസ്വഭവ സർക്കുലർ പ്രകാരവുമായിരിക്കും നടത്തപ്പെടുക.കരാറുകാരൻ ലൈസൻസ് രജിസ്ട്രേഷന് (Contractor License,Supervisory license) സംബന്ധിക്കുന്ന രേഖകളും പ്രവർത്തി പരിചയം തെളിയിക്കുന്നതിനാവശ്യമായ രേഖകളും കാരാറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.
7. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വാർഡ് മെമ്പർമാർ രേഖപ്പെടുത്തുന്ന പരാതികൾ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ 3 ദിവസത്തിനകം പരിഹരിക്കേണ്ടതും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരാതികൾ കരാറുകാരനെ നേരിട്ട് അറിയിക്കുന്നതിനായി ഒരു കോൺടാക്ട് നമ്പർ നൽകേണ്ടതുമാണ്
8. തെരുവ് വിളക്ക് പരിപാലന രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പത്തോ അധിലധികമോ ലൈറ്റുകൾ ഒരു വാർഡിൽ തകരാറിലായെങ്കിൽ അറിയിപ്പ് കിട്ടി 3 ദിവസത്തിനകം തകരാർ പരിഹരിച്ചു കരാറുകാരനിൽ നിന്നു പിഴ ഈടാക്കുന്നതാണ്
9. ഹോൾഡറുകൾ, ചോക്കുകൾ, സ്റ്റാർട്ടറുകൾ, ബ്രാക്കറ്റുകൾ, കണക്ഷൻ വയറുകൾ, ക്ലാമ്പ് കൺഡ്യൂട്സ്, ഫ്യൂസ് കാരിയറുകൾ തുടങ്ങിയ എല്ലാ അനുബന്ധ ഉപകരണങ്ങളുടെയും മെയിൻറനൻസും, റിപ്പയറിംഗും കരാറുകാരൻറെ ജോലിയിൽ ഉൾപ്പെടുന്നതാണ്.
10. പഞ്ചായത്തുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ എല്ലാ ദിവസവും അറ്റകുറ്റപ്പണികൾ കരാറുകാരൻ നിർവ്വഹിക്കേണ്ടതാണ്.
11. പ്രവൃത്തികൾക്കാവശ്യമായ തൊഴിലാളികൾ, വാഹന സൗകര്യം, പണിയായുധങ്ങൾ തുടങ്ങിയ എല്ലാ ക്രമീകരണവും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്.
12. കരാർ ആരംഭിച്ച് എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആദ്യഘട്ട പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയക്ക് മൂന്നു മാസത്തിനു ശേഷം കരാർ വെച്ചിരിക്കുന്ന തുകയുടെ 33 % ആദ്യ തവണയായും, 33 % ആറുമാസത്തിനു

ശേഷവും, ബാക്കി വരുന്ന തുക കരാർ കാലാവധി പൂർത്തിയായതിനു ശേഷവും അനുവദിച്ച നൽകുന്നതായിരിക്കും.

13. ഓരോ ഘട്ടത്തിലും പ്രവൃത്തി പൂർത്തീകരിച്ച അതാതു വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തുക അനുവദിക്കുന്നത്
14. പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾ സർക്കാർ നിഷ്കർഷിക്കുന്ന ലൈസൻസുള്ളവരും, പ്രസ്തുത മേഖലയിൽ വൈധഗ്ദ്യം നേടിയവരും, പരിചയ സമ്പന്നരുമായിരിക്കണം.
15. പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.
16. പ്രവൃത്തിയിൽ ഏർപ്പെടുന്നതിനിടയിൽ ഏതെങ്കിലും വിധത്തിലുണ്ടാകുന്ന അപകടങ്ങൾക്കോ, ജീവഹാനി സംഭവിച്ചാലോ ആയതിൻറെ പൂർണ്ണ ഉത്തരവാദിത്വവും തുടർ നടപടികളും കരാറുകാരൻറെ ബാധ്യത ആയിരിക്കും, പഞ്ചായത്തിന് യാതൊരുവിധത്തിലുള്ള ബാധ്യതകളും ടി സാഹചര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല.
17. മാസത്തിൽ രണ്ടു തവണ തെരുവ് വിളക്ക് പരിപാലന രജിസ്റ്റർ സെക്രട്ടറിയ്ക്കോ ഭരണസമിതി ചുമതലപ്പെടുത്തിയിരിക്കുന്ന ആൾക്കോ മുൻപാകെ കാണിച്ച് പരാതികൾ ഒന്നും ഇല്ല എന്ന് ബോദ്ധ്യപ്പെടുത്തി രജിസ്റ്റർ ഒപ്പിട്ടു വാങ്ങേണ്ടതുമാണ്.

SECRETARY
Elavancherry Gramapanchayat
Elavancherry P.O, Palakkad-678508
Mob : 9496047245

CERTIFIED
ISO 9001:2015
CERTIFIED